## പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 82 | **05.02.2020-ൽ** മറുപടിക്ക്

## പട്ടികജാതി-പട്ടിക ഗോത്രങ്ങളിൽപ്പെട്ട ഭവനരഹിതർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ<br>'' ബി.ഡി. ദേവസ്സി<br>'' ആർ. രാജേഷ്<br>'' മുരളി പെരുനെല്ലി | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി - പട്ടിക ഗോത്രങ്ങളിൽപ്പെട്ട എത്ര കുടുംബങ്ങൾ ഭവനരഹിതരും വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരും ആയി ഉണ്ടെന്നതിന്റെ കണക്ക് ലഭ്യമാണോ; ഈ സർക്കാരിന്റെ കാലത്തുതന്നെ ഭവനരഹിതർക്കെല്ലാം വീട് നൽകുന്നതിനായുള്ള പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; | (എ) | ലൈഫ് മിഷൻ തയ്യാറാക്കിയ കണക്ക് പ്രകാരം സംസ്ഥാനത്ത് വാസയോഗ്യമല്ലാത്ത വീടില്ലാത്തവർ ഉൾപ്പെടെ ഭവനരഹിതരായ 20948 പട്ടികജാതി കുടുംബങ്ങളുണ്ട്. ഇതിനു പുറമേ ലൈഫ് മിഷന്റെ ലിസ്റ്റിൽ ഉൾപ്പെടാത്ത ഭവന നിർമ്മാണ ധനസഹായത്തിന് അർഹതയുള്ള ഭവനരഹിതരായ 40590 പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് പട്ടികജാതി വികസന വകുപ്പ് കണക്കാക്കിയിട്ടുണ്ട്.<br>സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്കും ലൈഫ് മിഷൻ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലൈഫ് മിഷന്റെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 20948 പേരിൽ 9160 പേർ കരാർ വച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 5230 പേർ നിർമ്മാണം പൂർത്തീകരിച്ചു.<br>ലൈഫ് മിഷൻ തയ്യാറാക്കിയ കണക്ക് പ്രകാരം ഭൂമിയുള്ള ഭവനരഹിതരായ 5631 പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത്. ഇതിനു പുറമെ ഒരു റേഷൻ കാർഡിന് ഒരു വീടെന്ന മാനദണ്ഡത്തിലും 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാവരുതെന്ന മാനദണ്ഡത്തിലും ഇളവ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് മുഖേന നടത്തിയ സർവ്വേ പ്രകാരം സ്വന്തമായി |

| | | | |
|---|---|---|---|
| | | | ഭൂമിയുള്ള ഭവനരഹിതരായിട്ടുള്ള 14123 പട്ടികവർഗ്ഗക്കാരെയും കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം ആകെ 19754 ഭൂമിയുള്ള ഭവന രഹിതരെ കണ്ടെത്തിയതിൽ 3006 പേർക്ക് വീട് അനുവദിച്ചിട്ടുണ്ട്. ആയതിൽ 1014 വീടുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തിയായിട്ടുമുണ്ട്. ഭൂരഹിത ഭവന രഹിതരായി 7173 പേരെയും കണ്ടെത്തിയിട്ടുണ്ട്.<br>2016-17, 2017-18 വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് അനുവദിച്ച 23801 വീടുകളിൽ 18602 വീടുകൾ പൂർത്തിയായി.<br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം ജനറൽഹൗസിംഗ്, ഹഡ്കോ, വനബന്ധുകല്യാൺ യോജന എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം 6709 വീടുകൾ അനുവദിച്ചതിൽ 555 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.<br>ഭൂമിയുള്ള ഭവനരഹിതരായി കണ്ടെത്തിയിട്ടുള്ള 19754 പട്ടികവർഗ്ഗക്കാരിൽ നാളിതുവരെ വീട് അനുവദിച്ച 3006 പേർ ഒഴികെയുള്ളവർക്ക് വീട് അനുവദിക്കുന്നതിനുള്ള നടപടികൾ ലൈഫ് മിഷൻ മുഖേന സ്വീകരിച്ചു വരുന്നു. കൂടാതെ ഭൂരഹിത ഭവന രഹിതരായി കണ്ടെത്തിയിട്ടുള്ള 7173 പേർക്ക് സ്ഥലവും വീടും ലൈഫ് മിഷന്റെ 3-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ലൈഫ് മിഷൻ പദ്ധതിയിൽപ്പെട്ടിട്ടില്ലാത്തതും എന്നാൽ ജീർണ്ണിച്ചതുമായ വീടുകൾ വാസയോഗ്യമാക്കുന്നതിനും പണി പൂർത്തിയാകാതെ കിടക്കുന്ന വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും ചെയ്തു വരുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; | (ബി) | പട്ടികജാതി വികസന വകുപ്പ മുഖേന 2007-08 മുതൽ അനുവദിച്ച വീടുകളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത അവശേഷിക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം സ്പിൽ ഓവറായി വർദ്ധിപ്പിച്ച നിരക്കിന് ആനുപാതികമായ നിരക്കിൽ തുക അനുവദിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ വകുപ്പുകൾ മുഖേന മുഴുവൻ ധനസഹായവും കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത പട്ടികജാതി ഗുണഭോക്താക്കൾക്ക് നിർമ്മാണം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിനും സ്വന്തമായി നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാൻ കഴിയാത്തവർക്കും നിർദ്ദിഷ്ട മേൽക്കൂര നിർമ്മിക്കാത്തതുമൂലം അവസാന ഗഡു ലഭിക്കാത്തവർക്കും നിർമ്മാണം പൂർത്തീകരിക്കുന്നതിന് പരമാവധി 1.50 ലക്ഷം രൂപ വരെ അനുവദിക്കുന്ന പദ്ധതി പരിഗണനയിലാണ്.<br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ലൈഫ് മിഷൻ പദ്ധതി നാല് ഘട്ടങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. ടി പദ്ധതിയുടെ നാലാം ഘട്ടത്തിൽ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ വീടുകൾ വാസയോഗ്യമാക്കുന്നതിന് പട്ടികവർഗ്ഗക്കാരുടെ വിവരശേഖരണം നടന്നു വരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം മുൻ സർക്കാരിന്റെ കാലത്ത് പൂർത്തിയാകാതെ കിടന്ന വീടുകൾ ഉൾപ്പെടെ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണോ; വിശദമാക്കാമോ? | (സി) | പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം മുൻ സർക്കാരിന്റെ പൂർത്തിയാകാതെ അവശേഷിച്ച 16360 വീടുകളിൽ 9539 വീടുകൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൂർത്തീകരിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പിൽ മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചതും പൂർത്തീകരിക്കാത്തതുമായ 17605 വീടുകളിൽ 6792 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അത്തരത്തിൽ മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചതിൽ പൂർത്തിയാകാതെ കിടന്ന 17851 വീടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ